(ഡി) വി. എഫ്. പി. സി. കെ.-യിൽ 30% ഓഹരികൾ സർക്കാരിനും 20% ഓഹരികൾ ബാങ്കുകൾക്കും 50% കർഷകർക്കും ആണ്.

(ഇ) ഇത്തരത്തിലുള്ള വിദഗ്ധ സമിതി രൂപീകരിച്ചിട്ടില്ല.

(എഫ്) ഇല്ല.

കാർഷിക സർവകലാശാലയിലെ അദ്ധ്യാപകർ അനർഹമായി വാങ്ങിയെടുത്ത തുക

127 [445] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വി. ജെ. പൗലോസ്:
" കെ. അച്ചുതൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ജി. സി. സ്കെയിൽ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കാർഷിക സർവകലാശാലയിലെ അദ്ധ്യാപകർ അനർഹമായി വാങ്ങിയെടുത്ത തുക തിരിച്ചുപിടിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് എന്നാണ് ആവശ്യപ്പെട്ടത്;

(ബി) കാർഷിക സർവകലാശാല പ്രസ്തുത തുക തിരികെ പിടിക്കാത്തതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ;

(സി) ഗവൺമെന്റ് നിർദ്ദേശം അംഗീകരിക്കാത്ത സർവകലാശാലയുടെ മേൽ എന്തെങ്കിലും നടപടി നടത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ, ബി ആന്റ് സി) കേരള കാർഷിക സർവകലാശാലയിൽ 1986-ൽ നടപ്പിലാക്കിയ യു. ജി. സി. പദ്ധതിയിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 10-1-2005-ലെ സർക്കാർ കത്തുപ്രകാരം സർവകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഗോരക്ഷാ പദ്ധതി

128 [446] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോരക്ഷാ പദ്ധതിയുടെ ഭാഗമായി കുളമ്പുരോഗ പ്രതിരോധ വാക്സിൻ കുത്തിവച്ച കന്നുകാലികൾ മരണപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ ജില്ലയിൽ ഇതു സംബന്ധിച്ച് എത്ര കേസ്സുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) മരണപ്പെട്ട കന്നുകാലികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) 4 എണ്ണം (2 പശുക്കളും 2 ആടുകളും) മാത്രമാണ് വാക്സിനേഷന്റെ പാർശ്വഫലമായി മരണപ്പെട്ടത്.

(ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലുള്ള കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ നഷ്ടപരിഹാരം നൽകുന്നതിന് ജി.ഒ.എം.എസ്. 5/05/എഡി, 11-1-2005 പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഇ) ഉദിക്കുന്നില്ല.

മിൽമാ പാൽ സംഭരണം

129 [447] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ സൊസൈറ്റികൾ ശേഖരിക്കുന്ന പാൽ മുഴുവൻ മിൽമ എടുക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സൊസൈറ്റികളുടെ പരാതികളാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച പരാതികളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) പാൽ ശേഖരിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly